പതിമ്മൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## ഇരുപത്തിരണ്ടാമത് റിപ്പോർട്ട്

(2014 ജനുവരി 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-08)-യുടെ പതിമ്മൂന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമ്മൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

**ഇരുപത്തിരണ്ടാമത് റിപ്പോർട്ട്**

(2014 ജനുവരി 23–ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ സമിതി (2006–08)–യുടെ പതിമ്മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

[ സമിതി (2006–08)–യുടെ പതിമ്മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

370/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനം/ശിപാർശ | .. | 5 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, എൻ. ഷംസുദീൻ*

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-08)-യുടെ പതിമ്മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 ഒക്ടോബർ 9-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,<br>
*അദ്ധ്യക്ഷൻ,*<br>
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,<br>
2014 ജനുവരി 23.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998 മുതൽ 2002 വരെയുള്ള സമാഹൃത റിപ്പോർട്ടിലെ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)-യുടെ പതിമ്മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)-യുടെ പതിമ്മൂന്നാമത് റിപ്പോർട്ട് (തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച്) 2007 മാർച്ച് 21-ന് സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ അഞ്ചു ശിപാർശകളാണുണ്ടായിരുന്നത്. അവയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് കുറിപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് 17-4-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിക്ക് കത്തയയ്ക്കുകയുണ്ടായി. 19-10-2011-ലാണ് സർക്കാർ സ്വീകരിച്ച നടപടിക്കുറിപ്പ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത കുറിപ്പുകൾ സമിതിയുടെ 5-11-2012-ലെ യോഗം പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുകയും ചെയ്തു.

ഖണ്ഡിക 5-ലെ ശിപാർശയിൻമേൽ സർക്കാർ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികവിവരം ആരാഞ്ഞിരുന്നെങ്കിലും ആയതിന് സർക്കാർ മറുപടി നൽകുകയുണ്ടായില്ല. പ്രസ്തുത ശിപാർശയും, സർക്കാർ മറുപടിയും സമിതി നൽകിയ തുടർ ശിപാർശയും അദ്ധ്യായം I-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും, സർക്കാർ മറുപടികളും അധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## അധ്യായം I

# സർക്കാർ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതിയുടെ തുടർ ശിപാർശകളുള്ളവ

**5-ാം ഖണ്ഡികയിലെ ശിപാർശ**

1.1 റവന്യൂ റിക്കവറി നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾസഹിതം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

1.2 മേത്തല, പാലിയംതുരുത്ത് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. ജോസഫ് പുല്ലായിൽനിന്നും 30,436 രൂപ പലിശയടക്കം 71,259 രൂപ റവന്യൂ റിക്കവറി പ്രകാരം തിരിച്ചുപിടിക്കുന്നതിന് ബി-846/2001 നമ്പർ ആയി 12-12-2005-ൽ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ കൺവീനറായിരുന്ന ജോസഫിന്റെ പേരിൽ റവന്യൂ റിക്കവറി നടത്താൻ സ്ഥാവര ജംഗമ വസ്തുക്കളൊന്നുമില്ലെന്ന് കാണിച്ച് തഹസിൽദാർ 27-8-2006-ൽ 812/06 നമ്പർ ആയി ജില്ലാ കളക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്.

**ഇതു സംബന്ധിച്ച് ആരാഞ്ഞ അധികവിവരം**

1.3 മേത്തല, പാലിയംതുരുത്ത് എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട അഡ്വാൻസ് തുക തിരികെ പിടിക്കുന്നതു സംബന്ധിച്ച റവന്യൂ റിക്കവറി നടപടികൾക്ക് ആറുവർഷം മുമ്പ് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തിയതിനുത്തരവാദികളാരെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകുക.

1.4 പഞ്ചായത്തുകളിലെ മരാമത്ത് പണികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനമുണ്ടാകുമ്പോൾ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.

1.5 ഇതു സംബന്ധിച്ച് സർക്കാർ മറുപടി നൽകിയിട്ടില്ല.

**തുടർ ശിപാർശ**

1.6 **പഞ്ചായത്തുകളിലെ മരാമത്ത് പണികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനമുണ്ടാകുമ്പോൾ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

അധ്യായം II

# സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്ന് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകൾ

**11-ാം ഖണ്ഡികയിലെ ശിപാർശ**

2.1.1 കരാർ വയ്ക്കുന്നതിനുമുമ്പ് മുൻകൂർതുക നൽകുക, പരിധിയിൽ കൂടുതൽ മുൻകൂർതുക നൽകുക തുടങ്ങിയ ക്രമക്കേടുകൾക്കുത്തരവാദികളായ മുൻ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2.1.2 കരാർ വയ്ക്കുന്നതിനുമുമ്പ് അഡ്വാൻസ് നൽകിയ സെക്രട്ടറിയായിരുന്ന ശ്രീമതി കല്ല്യാണിക്കുട്ടിയമ്മ 31-1-2001-ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തു. 2 ഗഡു അഡ്വാൻസ് നൽകിയ സെക്രട്ടറിയായിരുന്ന ശ്രീ. കെ. അരവിന്ദാക്ഷൻ 28-2-2002-ൽ സർവ്വീസിൽനിന്നും റിട്ടയർ ചെയ്തു. മേൽപ്പറഞ്ഞ സെക്രട്ടറിമാർക്കെതിരെ നടപടി എടുക്കാൻ സാധിക്കാത്തതിനാൽ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട്**

2.1.3 കരാർ ചമയ്ക്കുന്നതിനുമുമ്പ് പ്രവൃത്തിക്ക് മുൻകൂർ നൽകിയ സെക്രട്ടറിമാർ സേവനത്തിൽനിന്നും വിരമിച്ചിട്ടുള്ളതാണ്.

**12-ാം ഖണ്ഡികയിലെ ശിപാർശ**

2.2.1 റവന്യൂ റിക്കവറിയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2.2.2 ചെറുതോട് സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. നൗഷാദിൽനിന്നും കുടിശ്ശികയായ 8,434 രൂപയും പലിശയിനത്തിൽ 11,346 രൂപയും അടക്കം ആകെ 19,780 രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്. 30-3-2006-ൽ 4,732 രൂപയും 1-6-2006-ൽ 1,875 രൂപയും 1-3-2008-ൽ 4,730 രൂപയും 12-11-2009-ൽ 8,443 രൂപയും അടക്കം ആകെ 19,780 രൂപ തൃശ്ശൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് ഡി.ഡി. ആയി അയച്ചു കൊടുത്തിട്ടുണ്ട്.

**16-ാം ഖണ്ഡികയിലെ ശിപാർശ**

2.3.1 പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൻമേൽ മേൽനടപടികൾ ആവശ്യമില്ലായെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2.3.2 പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൻമേലുള്ള തുടർനടപടി അവസാനിപ്പിച്ചു.

**20-ാം ഖണ്ഡികയിലെ ശിപാർശ**

2.4.1 കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തൃപ്തികരമാണെന്ന് കാണുന്നതിനാൽ ഇത് സംബന്ധിച്ചുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2.4.2 പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൻമേലുള്ള തുടർനടപടി അവസാനിപ്പിച്ചു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജനുവരി 23.

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനം/ശിപാർശ

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട വകുപ്പ്* | *നിഗമനം/ശിപാർശ* |
|---|---|---|---|
| 1 | 1.6 | തദ്ദേശസ്വയംഭരണം | പഞ്ചായത്തുകളിലെ മരാമത്ത് പണികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനമുണ്ടാകുമ്പോൾ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |